തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട് പി.ഒ., തിരൂർ, മലപ്പുറം - 676 502

**സംഗ്രഹം**

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല - പൊതുസഭയിൽ അംഗങ്ങളായ വിദ്യാർത്ഥി പ്രതിനിധികളിൽ നിന്നും പൊതുസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട അംഗത്തെ നിർവാഹകസമിതിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## വൈസ് ചാൻസലറുടെ കാര്യാലയം

നമ്പർ: 50/2015/നി.സ./വി.സി./വാല്യം 4 തീയതി: തിരൂർ 14.06.2024

---

പരാമർശം:
1. 07.02.2022 ലെ ഇതേ നമ്പർ സർവകലാശാലാ ഉത്തരവ്.
2. 16.08.2022 ലെ ഇതേ നമ്പർ സർവകലാശാലാ ഉത്തരവ്.
3. 14.02.2024 ലെ 50/2015/നി.സ./വി.സി./വാല്യം 3 നമ്പർ സർവകലാശാലാ ഉത്തരവ്.
4. 17.10.2022 ലെ 50/2015/നി.സ./വി.സി./വാല്യം 3 നമ്പർ സർവകലാശാലാ ഉത്തരവ്.
5. 18.03.2024 ലെ 395/എ1/2022/അഡ്മിൻ നമ്പർ തിരഞ്ഞെടുപ്പു വിജ്ഞാപനം.
6. 07.06.2024 ലെ 395/എ1/2022/അഡ്മിൻ നമ്പർ നിർവാഹകസമിതിയിലേക്ക് വിദ്യാർത്ഥിതലത്തിൽ നിന്നുള്ള തെരഞ്ഞെടുപ്പ് ഫലം പ്രസിദ്ധീകരിച്ചുകൊണ്ടുള്ള വിജ്ഞാപനം.
7. വൈസ് ചാൻസലറുടെ 13.06.2024 ലെ ഉത്തരവ്.

## ഉത്തരവ്

2013 ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലാ നിയമം, അദ്ധ്യായം III, വകുപ്പ്-13 (ബി) (iii) പ്രകാരം പൊതുസഭയിലെ വിദ്യാർത്ഥികളിൽ നിന്നും പൊതുസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഒരംഗം നിർവാഹകസമിതി അംഗമായിരിക്കും.

2) പരാമർശം (1) പ്രകാരം, മറ്റംഗങ്ങളുടെ അഭാവത്തിൽ എക്സ് ഒഫീഷ്യോ അംഗങ്ങളെ മാത്രം ഉൾപ്പെടുത്തി നിർവാഹകസമിതി രൂപീകരിച്ചിരുന്നു. പരാമർശം (2), (3) പ്രകാരം, ബിരുദാനന്തര ബിരുദ/ ഗവേഷണ മണ്ഡലങ്ങളിലേക്ക് വിദ്യാർത്ഥികളെ പൊതുതിരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിൽ പൊതുസഭയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

3) പരാമർശം (4) പ്രകാരം, നിർവാഹകസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി പ്രതിനിധി ഒരു വർഷക്കാലാവധി പൂർത്തിയാക്കിയതിനാൽ, പ്രസ്തുത മണ്ഡലത്തിലേക്ക്, പൊതുസഭയിലെ തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും പൊതുസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാൽ ഒരു അംഗത്തെ നിർവാഹകസമിതിയിലേക്ക് തിരഞ്ഞെടുക്കുന്നതിനായി പരാമർശം (5) പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ കുമാരി കൃഷ്ണ കെ.പി. (പിഎച്ച്.ഡി., താരതമ്യപഠനം, എഴുത്തച്ഛൻപഠനസ്കൂൾ) എന്ന വിദ്യാർത്ഥിയെ നിർവാഹകസമിതിയിലേക്ക് എതിരില്ലാതെ തിരഞ്ഞെടുത്തതായി പരാമർശം (6) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

4) മേൽവിവരിച്ച തിരഞ്ഞെടുപ്പ് നടപടികളുടെ അടിസ്ഥാനത്തിൽ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല നിയമം 2013, അദ്ധ്യായം III, വകുപ്പ്-13 (ബി) (iii) പ്രകാരം പൊതുസഭയിലെ വിദ്യാർത്ഥി കളിൽ നിന്നും പൊതുസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട അംഗമായി കുമാരി കൃഷ്ണ കെ.പി. (പിഎച്ച്.ഡി., താരതമ്യപഠനം, എഴുത്തച്ഛൻപഠനസ്കൂൾ) യെ ഉൾപ്പെടുത്തി നിർവാഹകസമിതി വിപുലീകരിച്ചുകൊണ്ട് പരാമർശം (7) പ്രകാരം ബഹു. വൈസ് ചാൻസലർ ഉത്തര വായിട്ടുണ്ട്.

*(തുടർച്ച......2)*

5) 2013 ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലാ നിയമം, അദ്ധ്യായം III, 14 (1) പ്രകാരം നിർവാഹകസമിതിയിലെ ഒരംഗം അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ട തീയതി മുതൽ ഒരു വർഷക്കാലം ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്. ഇതേ നിയമത്തിലെ ഉപവകുപ്പ് (4) പ്രകാരം നിർവാഹക സമിതിയുടെ കാലാവധി ജനറൽ കൗൺസിലിന്റെ കാലാവധിയോടൊപ്പം അവസാനിക്കുന്നതാണ്.

6) മേൽ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രജിസ്ട്രാർ ഇൻ ചാർജ്

കുമാരി കൃഷ്ണ കെ.പി. (പിഎച്ച്.ഡി., താരതമ്യപഠനം, എഴുത്തച്ഛൻപഠനസ്കൂൾ)

പകർപ്പ്:

എല്ലാ നിർവാഹകസമിതി അംഗങ്ങൾക്കും/വി.സി. കാര്യാലയം/
രജിസ്ട്രാർ കാര്യാലയം/പരീക്ഷാവിഭാഗം/ഫിനാൻസ് വിഭാഗം/
പബ്ലിക്കേഷൻ/ലൈബ്രറി/എഞ്ചിനീയറിംഗ് വിഭാഗം/ഐ.ക്യു.എ.സി./
ജെ.ഡി, കെ.എസ്.എ.ഡി, മലയാളസർവകലാശാല/വെബ്സൈറ്റ്/
ഓഫീസ് രേഖ/കരുതൽ രേഖ